**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 934** **06-10-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം തടയേണ്ട നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി, മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളിൽപ്പെടുന്ന മലയോര ഗ്രാമങ്ങളിലും പ്ലാന്റേഷൻ മേഖലകളിലും കാട്ടാനകളുടെയും മറ്റ വന്യജീവികളുടെയും ആക്രമണം അടിക്കടിയുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിനു കീഴിലുള്ള പാലപ്പിള്ളി, എലിക്കോട്, ശാസ്താംപൂവ്വം, കാരിക്കുളം, കള്ളിച്ചിത്ര, എച്ചിപ്പാറ തുടങ്ങിയ ആദിവാസികോളനികളിലും മലയോരമേഖലയിലും കാട്ടാന ആക്രമണം മൂലം മാസങ്ങൾക്കുള്ളിൽ അഞ്ചോളം പേർ മരിക്കുന്നതിനും കാർഷികവിളകൾക്കും മറ്റ വകകൾക്കും നാശനഷ്ടം സംഭവിച്ചിരിക്കുന്നതും കണക്കിലെടുത്ത് വന്യജീവി ആക്രമണം തടയാൻ ശക്തമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ; | (ബി) | ചാലക്കുടി വനം ഡിവിഷനിൽ ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി, കൊച്ചിൻ മലബാർ എസ്റ്റേറ്റ് കമ്പനി എന്നിവയ്ക്ക് പാട്ടത്തിന് നൽകിയ വനഭൂമിയിലാണ് ആനകൾ കൂടുതലായി ഇറങ്ങുന്നതും, ആക്രമണങ്ങൾ നടത്തുന്നതും. ടി കമ്പനി മാനേജരുമായി മീറ്റിംഗ് നടത്തുകയും പ്ലാൻറേഷൻ തൊഴിലാളികൾ പുലർച്ചെ 5-നു മുമ്പ് മേൽനോട്ടമില്ലാതെ പുറത്തിറങ്ങുന്നത് തടയുന്നതിനും ശരിയായ വെളിച്ചം ജോലിസ്ഥലങ്ങളിലും, റോഡുകളിലും ഉറപ്പുവരുത്തുന്നതിനും ജോലിക്കാരുടെ യാത്രാസൗകര്യം സുരക്ഷിതമാക്കുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. രാത്രികാല പട്രോളിംഗ് കൂടുതൽ ശക്തിപ്പെട്ടു ത്തുന്നതിനും കൂടുതൽ വാച്ചർമാരെ നിയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി ഡിവിഷനു കീഴിൽ 5 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ച് വരുന്നു. ടി സമിതികൾ യോഗം ചേർന്നു വരുന്നുണ്ട്. |
| (സി) | പ്രസ്തുത മേഖലകളിൽ വന്യജീവി ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) | വ്യക്തമാക്കാം. ചാലക്കുടി വനം ഡിവിഷന് കീഴിൽ വന്യമൃഗങ്ങൾ നാട്ടിലുറങ്ങുന്നത് തടയുന്നതിന് ഭൂരിഭാഗം പ്രദേശങ്ങളിലും സോളാർ ഫെൻസിംഗ് നടത്തിയിട്ടുണ്ട്. വനത്തിനുള്ളിൽ ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുകയും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും |

| | | | |
|---|---|---|---|
| | | | യോഗങ്ങൾ നടത്തുകയും രാത്രികാല പട്രോളിംഗ് നടത്തുകയും, ആനകൾ നാട്ടിൽ ഇറങ്ങുന്നത് തടയാൻ പടക്കം പൊട്ടിക്കുകയും, കൂടുതൽ വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ചാലക്കുടി മൊബൈൽ ടീമിലെ ജീവനക്കാരെ ആർ.ആർ.ടി മാതൃകയിൽ പ്രവർത്തിപ്പിക്കുന്നതിന് ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ